*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം, ഹൗസിങ്*
*ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/1/DGE-HSS/2021* *16/11/2021*

## രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുള്ള അപേക്ഷാ സമർപ്പണം : വിജ്ഞാപനം

**സൂചന:സ.ഉ.(സാധാ) നം.3667 / 2021/ പൊ.വി.വ തീയതി 12/8/2021 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്**

സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനു ശേഷമുള്ള വേക്കൻസി രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി **2021 നവംബർ 17 ന് രാവിലെ 9 മണിയ്ക്ക്** പ്രസിദ്ധീകരിക്കുന്നതാണ്. ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ കാൻഡിഡേറ്റ് ലോഗിനിലെ **Renew Application** എന്ന ലിങ്കിലൂടെ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ പുതിയ ഓപ്ഷനുകൾ അപേക്ഷയിൽ ഉൾപ്പെടുത്തണം. **സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളൂ.** സപ്ലിമെൻററി അലോട്ട്മെൻറിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേക്ഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെൻറിന് വേണ്ടി പരിഗണിക്കില്ല. **എന്നാൽ നിലവിൽ ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾക്കും മുഖ്യഘട്ടത്തിൽ അലോട്ട്മെൻറ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും (നോൺ-ജോയിനിങ്ങ് ആയവർ) ഏതെങ്കിലും ക്വാട്ടയിൽ പ്രവേശനം നേടിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ്(റ്റി.സി) വാങ്ങിയവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ സാധിക്കുകയില്ല.**

2021 നവംബർ 19 ന് വൈകിട്ട് 4 മണി വരെ കാൻഡിഡേറ്റ് ലോഗിനിലൂടെ അപേക്ഷ പുതുക്കാവുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർത്ത് ഫൈനൽ കൺഫർമേഷൻ നടത്തിയാൽ മാത്രമേ സപ്ലിമെൻററി അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു.

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി താഴെ പ്രതിപാദിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകർക്ക് 2021 നവംബർ 17 ന് രാവിലെ 10 മണി മുതൽ നവംബർ 19 ന് വൈകിട്ട് 4 മണിവരെ അപേക്ഷയുടെ പുതുക്കൽ ചുവടെ നിർദ്ദേശിക്കും പ്രകാരം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

1) ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി കാൻഡിഡേറ്റ് ലോഗിനിലെ **"RENEW APPLICATION"** എന്ന ലിങ്കിലൂടെ പ്രസിദ്ധപ്പെടുത്തുന്ന വേക്കൻസിക്കനുസൃതമായി പുതിയ ഓപ്ഷനുകളും നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.

2) ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെൻറ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർ സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിക്കുന്നതിനായി കാൻഡിഡേറ്റ് ലോഗിനിലെ **"RENEW APPLICATION"** എന്ന ലിങ്കിലൂടെ അപേക്ഷയിലെ പിഴവുകൾ തിരുത്തി പ്രസിദ്ധപ്പെടുത്തുന്ന വേക്കൻസിക്കനുസൃതമായി പുതിയ ഓപ്ഷനുകളും നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.

3) രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനനായുള്ള വേക്കൻസികൾ 2021 നവംബർ 17 ന് രാവിലെ 9 മണിയ്ക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.. ഈ വേക്കൻസിക്കനുസൃതമായി വേണം പുതിയ ഓപ്ഷനുകൾ നൽകേണ്ടത്.. സപ്ലിമെൻററി അലോട്ട്മെൻറിനായി

പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.

4) രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള അപേക്ഷകൾ 2021 നവംബർ 17 ന് രാവിലെ 10 മണി മുതൽ നവംബർ 19 ന് വൈകിട്ട് 4 മണിവരെ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർക്ക് സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷിക്കുവാനും മറ്റും വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും സ്കൂൾ ഹെൽപ്ഡെസ്കുകളിലൂടെ നൽകാൻ വേണ്ട സജ്ജീകരണങ്ങൾ കോവിഡ് –19 ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ